ഉത്തരം

(എ) ഈ വർഷം ഒന്നാം വിള നെല്ല് സംഭരണം ആരംഭിച്ചത് 29-9-2015 മുതൽ ആയിരുന്നു. പ്രസ്തുത കാലപരിധി നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാർ ആകുന്നു.

(ബി) കേന്ദ്ര സർക്കാരാണ് ഒന്നും രണ്ടും വിളയ്ക്കുള്ള നെല്ല് സംഭരണ സമയപരിധി നിശ്ചയിക്കുന്നത്. 2015-16 ഒന്നാം സീസൺ 2015 സെപ്റ്റംബർ 29 മുതൽ ഡിസംബർ 31 വരെയും രണ്ടാം സീസൺ 2016 ജനുവരി 1 മുതൽ മേയ് 31 വരെയുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 2015-16 ഒന്നാം സീസണിൽ 7-12-2015 വരെ 150799.201 മെ. ടൺ നെല്ല് സംഭരിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരുടെ പാടശേഖരങ്ങളിൽ നിന്നും ഉല്പാദിപ്പിച്ച നെല്ല് കൊയ്തെടുക്കുന്ന മുറയ്ക്ക് സംഭരിച്ചുകൊണ്ടിരിക്കുന്നു. നെല്ല് സംഭരിച്ച വകയിൽ കൃഷിക്കാർക്ക് 7-12-2015 വരെ 273,16,44,410 രൂപ കൊടുത്തു കഴിഞ്ഞു. ഇനി 87,80,46,944 രൂപ കൊടുത്തു തീർക്കുവാനുണ്ട്.

നെല്ല് സംഭരണം

194(3077) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് 30-11-2015 വരെ നെല്ല് സംഭരിച്ച വകയിൽ എത്ര രൂപ ഇനിയും കൊടുത്തു തീർക്കുവാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തു തീർക്കുവാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ഡി) സ്വകാര്യ നെല്ല് സംരംഭകരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര നിയമനിർമ്മാണം കൊണ്ടു വരുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് 30-11-2015 വരെ നെല്ല് സംഭരിച്ച വകയിൽ 38,34,02,805 രൂപ കൊടുത്തു തീർക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെൽ കർഷകർക്ക് നൽകാനായി സപ്ലൈകോയ്ക്ക് തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) നെല്ലിന്റെ സംഭരണവില 21.50 രൂപയായി ഉയർത്തി ഉത്തരവായിട്ടുണ്ട്.

(ഡി) സ്വകാര്യ നെല്ല് സംരംഭകരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര നിയമ നിർമ്മാണം നടത്തേണ്ടത് കൃഷി വകുപ്പാണ്. കൃഷി വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

റേഷൻ കടകളുടെ കമ്പ്യൂട്ടർവത്കരണം

195(3078) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ കമ്പ്യൂട്ടർവത്കരണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) റേഷൻ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താവിന് നിർബന്ധമായും ബില്ല് കൊടുക്കണമെന്ന വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പിൽ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി വരുന്നുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 11 കടകളിൽ ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താവിനെ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പൈലറ്റ് പദ്ധതിയുടെ ഭാഗമായി ആധാർ ഇല്ലാത്തതോ ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയോ ചെയ്താൽ OTP (One Time Password) മുഖേനയും റേഷൻ വിതരണം നടത്തി വരുന്നു. 22 റേഷൻ കടകൾ പൈലറ്റിന്റെ ഭാഗമായി നവീകരിച്ചിട്ടുണ്ട്. MSDG (മൊബൈൽ സർവ്വീസ് ഡെലിവറി ഗേറ്റ് വേ) മുഖാന്തിരം ഗുണഭോക്തൃവിഹിതം സംബന്ധിച്ചും കൈപ്പറ്റിയ വിഹിതം സംബന്ധിച്ചും SMS ലഭ്യമാക്കുന്നുണ്ട് പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അപെക്സ് കമ്മിറ്റി, സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team), സിവിൽ സ്പ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവയും ഇതുകൂടാതെ ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റും (PIU) രൂപീകരിച്ചിട്ടുണ്ട്. ഡാറ്റാബേസ് കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly